1. വികലാംഗ പെൻഷൻ:—40%മോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളവരും വാർഷിക വരുമാനം 3000 രൂപയ്ക്ക് താഴെയും കുടുംബ വാർഷിക വരുമാനം 6000 രൂപയ്ക്ക് താഴെയുമായിട്ടുള്ളവർക്കാണ് ഈ പെൻഷൻ നൽകുന്നത്.

2. വിധവ/അഗതി പെൻഷൻ:—മരണം, വിവാഹബന്ധം വേർപ്പെടുത്തൽ/ ഉപേക്ഷിക്കൽ എന്നിവ പ്രകാരം ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവരും 20 വയസ്സ് കഴിഞ്ഞ ആൺമക്കൾ, അച്ഛൻ, അമ്മ എന്നിവർ ഇല്ലാത്തവരും കുടുംബ വാർഷിക വരുമാനം 3600 രൂപയിൽ താഴെയുള്ളവരുമായ സ്ത്രീകൾക്ക് നൽകുന്നു.

3. വാർദ്ധക്യകാല പെൻഷൻ:—കുടുംബ വാർഷിക വരുമാനം 11,000 രൂപയും 65 വയസ്സ് കഴിഞ്ഞവരും 20 വയസ്സ് കഴിഞ്ഞ ആൺമക്കൾ ഇല്ലാത്തവരുമായ അഗതിയായ ഭാര്യക്കും ഭർത്താവിനും ഈ പെൻഷന് അർഹതയുണ്ട്.

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ:—മറ്റ് സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടാത്ത 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകളുടെ വാർഷിക വരുമാനം 6,000 രൂപയിൽ കുറവാണെങ്കിൽ ഈ പെൻഷന് അർഹരാണ്.

(ബി) പുതിയ പെൻഷൻ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(സി ആന്റ് ഡി) വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കൾക്ക് 2003 ഡിസംബർ വരെയുള്ള പെൻഷൻതുക വിതരണം നടത്തുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

ക്ഷേമ പെൻഷൻ പദ്ധതികൾ

29 [460] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷൻ പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ക്ഷേമ പെൻഷൻ പദ്ധതിയിലും നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണവും സ്ത്രീകളായ ഗുണഭോക്താക്കളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ;

2/404/2012—13.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഏതെല്ലാം പെൻഷൻ പദ്ധതികളിലെ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും എത്ര മാസത്തവണ കുടിശ്ശിക വന്നിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പെൻഷൻ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(ഇ) പ്രസ്തുത പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, വിധവ/അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതികൾ.

(ബി)

പെൻഷൻ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	സ്ത്രീകളായ ഗുണഭോക്താക്കളുടെ ഏകദേശ എണ്ണം
വികലാംഗ പെൻഷൻ	1,48,553	67,053
വിധവാ പെൻഷൻ	2,30,402	2,30,402
വാർദ്ധക്യകാല പെൻഷൻ	1,34,600	65,944
അവിവാഹിതകളായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	24,232	24,232

(സി, ഡി ആന്റ് ഇ) സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ പെൻഷൻ പദ്ധതികളുടെയും പെൻഷൻ തുക ഡിസംബർ 2003 വരെ നൽകുന്നതിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിനായി നടപ്പു വർഷം 6424.35 ലക്ഷം രൂപ ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly